പാൽ വില വർദ്ധന

58 (1529) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാൽവില വർദ്ധിപ്പിച്ചപ്പോൾ എത്ര രൂപയുടെ അധിക വരുമാനമാണ് ഓരോ മിൽമാ യൂണിറ്റിലും ഉണ്ടായത്; വ്യക്തമാക്കുമോ;

(ബി) വിലവർദ്ധനവിന് ആനുപാതികമായി ക്ഷീര കർഷകർക്ക് നൽകിയ ആനുകൂല്യം വ്യക്തമാക്കുമോ;

(സി) നിലവിൽ മിൽമാ യൂണിയനുകളും ഫെഡറേഷനും ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; 2011 മുതൽ ഓരോ യൂണിറ്റിന്റെയും ലാഭ നഷ്ട കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2011-ൽ പാൽവില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ ലിറ്ററിന് 40 പൈസ നിരക്കിലും 2014-ൽ പാൽ വില ലിറ്ററിന് 3 രൂപ വർദ്ധിപ്പിച്ചപ്പോൾ ലിറ്ററിന് 36 പൈസ നിരക്കിലും മേഖലാ യൂണിയനുകൾക്ക് അധികവരുമാനം ഉണ്ടായി. 2012-ൽ പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചത് മേഖലാ യൂണിയന്റെ മാർജിനിൽ വ്യത്യാസം വരുത്താതെയാണ്.

(ബി) 2011-ൽ പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4.20 രൂപയും 2012-ൽ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4.60 രൂപയും 2014-ൽ ലിറ്ററിന് 3 രൂപ വർദ്ധിപ്പിച്ചപ്പോൾ 2.40 രൂപയും ക്ഷീരകർഷകർക്ക് അധിക ലാഭമായി ലഭിച്ചു.

(സി) കഴിഞ്ഞ സാമ്പത്തികവർഷം മേഖലാ യൂണിയനുകളും ഫെഡറേഷനും ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2011 മുതലുള്ള യൂണിയന്റെയും ഫെഡറേഷന്റെയും ലാഭനഷ്ട കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	മേഖലാ യൂണിയൻ			ഫെഡറേഷൻ (രൂപ ലക്ഷം)
	തിരുവനന്തപുരം (രൂപ ലക്ഷം)	എറണാകുളം (രൂപ ലക്ഷം)	മലബാർ (രൂപ ലക്ഷം)	
2011-12	(-)123	176.10	335	689.89
2012-13	321	565.69	304	339.51
2013-14	235	175.74	(-)1037	830.02
2014-15	91	321.03	1074	77.56

LIBRARY ARCHIVES Kerala Legislative Assembly